LIBRARY ARCHIVES Kerala Legislative Assembly

മമ്പറം പാലത്തിന്റെ പുനർനിർമ്മാണം

255(3141) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കൂത്തുപറമ്പ്-മാനന്തവാടി-സ്റ്റേറ്റ് ഹൈവേയിലുള്ള മമ്പറം പാലത്തിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മമ്പറം പാലത്തിന്റെ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മമ്പറം പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ആവശ്യമായ ഭൂമി ലഭ്യമായ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ

256(3142) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ഡി) കാലവർഷത്തിൽ- പൊട്ടിപ്പൊളിഞ്ഞ പി.ഡബ്ല്യു. ഡി. റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെട്ടിടവിഭാഗത്തിൻ കീഴിൽ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* അതിൽ അത്തിപ്പെറ്റ പാലം പുനർനിർമ്മാണം ഒഴികെ മറ്റ് പ്രവൃത്തികൾ 2016 മാർച്ച് 31-ന് നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട വിഭാഗത്തിനു കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെയും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ 2013-14 എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തിരുവടി-പാലാട്ടുതറ-തോട്ടുപാലം നിർമ്മാണം കി.മീ.0/800-1/400 വരെ അപ്രോച്ച് റോഡ് നിർമ്മാണം എഗ്രിമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ഡി) കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പൊതുമരാമത്ത് റോഡുകളുടെ കഴിയടയ്ക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.

പ്രധാന നിരത്തുകളിലെ ജംഗ്ഷനുകളുടെ പുനഃക്രമീകരണം

257(3143) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ വീതി കൂട്ടി ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ പ്രധാന ജംഗ്ഷനുകളിൽ തിരക്കും അപകടങ്ങളും ഒഴിവാക്കുവാനും സുഗമമായ ഗതാഗതത്തിനും ഉപയുക്തമാവും വിധം ജംഗ്ഷനുകൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി, ശാസ്ത്രീയമായി പുനഃക്രമീകരിച്ച് തിരക്കും, അപകടവും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly